## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3814 — 23/08/2017-ൽ മറുപടിക്ക്

# വൈദ്യുതിലൈൻ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ വൈദ്യുതിലൈൻ അപകടങ്ങളിൽപ്പെട്ട് ഷോക്കേറ്റ് മരിച്ച ആളുകളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി കമ്പിയുമായി സമ്പർക്കത്തിൽ പെട്ട് വൈദ്യുതാഘാതമേറ്റും വൈദ്യുതി ലൈൻ അപകടങ്ങളിൽപ്പെട്ടും 59 പൊതുജനങ്ങളും 6 ബോർഡു ജീവനക്കാരും 8 കരാർ തൊഴിലാളികളും, മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>മരണപ്പെട്ട പൊതുജനങ്ങൾ</th><th>ബോർഡു ജീവനക്കാർ</th><th>കരാർ തൊഴിലാളികൾ</th></tr><tr><td>2016</td><td>35</td><td>1</td><td>5</td></tr><tr><td>2017</td><td>24</td><td>5</td><td>3</td></tr></table> |
| (ബി) | വൈദ്യുതിലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും രക്ഷനേടാൻ ഇവ പൊട്ടി വീണാലുടൻ തന്നെ വൈദ്യുതി നിലയ്ക്കുന്ന എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടിയുണ്ടോ; | (ബി) | 11 കെ.വി യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം എല്ലാ സബ്സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കുന്നുണ്ട്. |
| (സി) | വൈദ്യുതാഘാതം വഴിയുള്ള മരണങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ വൈദ്യുതിബോർഡിന് സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി | വൈദ്യുതാഘാതം വഴിയുള്ള മരണങ്ങൾ ഒഴിവാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി |

(...2)

| | | |
|---|---|---|
| | | "Permit to work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, First Aid Kit, Rain Coat, Ladder etc) ...ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന തിനുള്ള ക്രമീകരണങ്ങൾ എർപ്പെടുത്തി യിട്ടുണ്ട്. സുരക്ഷാപാലനം ഉറപ്പുവരുത്തു ന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇല്ക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തിയും ജോലിസ്ഥലങ്ങളിൽ കൊണ്ടുപോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽ ക്കരണം നടത്തുന്നുണ്ട്. ബോർഡ് ജീവ നക്കാർക്ക് ഡോക്ടർ, ഫയർഫോർസ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പ്രഥമ ശുശ്രൂഷാ പരിശീലനം നൽകുന്നുണ്ട്.<br><br>പൊതുജനങ്ങളുടേയും കുട്ടികളുടേയും സുരക്ഷാബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ ദൃശ്യ / ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം മുതലായ വിവിധ പരിപാടികൾ നടത്തിവരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയയുള്ള. AAC (All Aluminium Conductor) കോപ്പർ തുടങ്ങിയ കമ്പികൾ മാറ്റി ACSR (Aluminium Conductor Steel Reinforced) കമ്പികൾ |

(...3)

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുക. സ്വയം വൈദ്യുത ബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയവ എല്ലാ വർഷവും ചെയ്തു വരുന്നു LT,HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.<br><br>കമ്പി പൊട്ടി വീഴുക മുതലായ അത്യാവശ്യഘട്ടങ്ങളിൽ പൊതുജന ങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "94960661061".. എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാ തെ ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിനു 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതി അപകട ങ്ങളും മറ്റുള്ള ഏതു പരാതിയും ഇപ്പോൾ 9496001912 എന്ന വാട്ട്സാപ്പ് നമ്പറിലും അറിയിക്കാവുന്നതാണ്. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡ് നേരിട്ടും മൈക്ക് ഓപ്പറേറ്റർ മുഖേനയും പൊതു സ്ഥലങ്ങളിലും, ഉത്സവസ്ഥലങ്ങളിലും, ജനങ്ങൾ തിങ്ങിക്കൂടുന്ന മറ്റിടങ്ങളിലും വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ മൈക്കിലൂടെ കേൾപ്പിക്കുന്നുണ്ട്. പൊതു ജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെ ക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവ സമയങ്ങളിലും മറ്റു പ്രധാന പരിപാടി കളോടനുബന്ധിച്ചും സുരക്ഷാബോധ വൽകരണ പ്രദർശനം സംഘടിപ്പി ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ